പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 41 27/09/2016 -ൽ മറുപടിയ്ക്ക്

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഐ.ബി. സതീഷ്<br>,, എം.എം. മണി<br>,, കെ.സുരേഷ് കുറുപ്പ്<br>,, എം. സ്വരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ; | എ) കേരളത്തിലെ അഞ്ചു ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ ദേവസ്വം ബോർഡുകൾ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾക്കുവേണ്ടിയാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. ഇതനുസരിച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് 2014 ലും, കെ.ഡി.ആർ.ബി. റൂൾസ് 2015-ലും നിലവിൽ വന്നു.<br><br>1) തിരുവിതാംകൂർ ദേവസ്വം ബോർഡ്<br>2) കൊച്ചിൻ ദേവസ്വം ബോർഡ്<br>3) മലബാർ ദേവസ്വം ബോർഡ്<br>4) ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി<br>5) കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നീ ദേവസ്വങ്ങളിലെ നിയമനങ്ങളാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പരിധിയിൽ വരുന്നത്.<br><br>ദേവസ്വം ബോർഡിന് കീഴിൽ വരുന്ന പരമ്പരാഗത തസ്തികകളൊഴികെയുള്ള എല്ലാ തസ്തികകളിലേയ്ക്കും നിയമനങ്ങൾ നടത്തുന്നതിനായി അപേക്ഷ ക്ഷണിക്കുക, എഴുത്തു പരീക്ഷ/പ്രായോഗിക പരീക്ഷ ഇവ നട |

ത്തുന്നതിനായി പരീക്ഷ നടത്തുക, അഭിമുഖ പരീക്ഷ നടത്തുക, സെലക്ട് ലിസ്റ്റ് തയ്യാറാക്കുക, കാലാകാലങ്ങളിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും സംവരണ വ്യവസ്ഥയും പാലിച്ച് നിയമന ശിപാർശ നടത്തുക, ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിക്കുന്ന മറ്റു പരീക്ഷകൾ നടത്തുക, ജീവനക്കാരുടെ ഡി.പി.സി. (വകുപ്പുതല പ്രമോഷൻ കമ്മിറ്റി) രൂപീകരിച്ച് നിയമനക്കയറ്റത്തിനുള്ള പട്ടിക പ്രസിദ്ധീകരിക്കുക ഇവയാണ് ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

ബോർഡിന്റെ ഇതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| ബി) പരമ്പരാഗത തസ്തികകൾ ഒഴികെയുള്ളവയിലേക്കുള്ള നിയമനം പി.എസ്.സി.ക്ക് വിടുന്നതു വഴി ദേവസ്വം സ്ഥാപനങ്ങളുടെ താല്പര്യം ഹനിക്കപ്പെടാൻ എന്തെങ്കിലും സാധ്യതയുണ്ടോ; ഇല്ലെങ്കിൽ നിയമനങ്ങൾ പി.എസ്.സി.യെ ഏൽപ്പിക്കുന്നതിന് നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ; | ബി) എല്ലാ കാര്യങ്ങളും പരിഗണിച്ചുകൊണ്ടായിരിക്കും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനെ നിയമനങ്ങളുടെ ചുമതല ഏൽപ്പിക്കുന്നത്. |
| സി) നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംവരണ തത്വത്തിൽ അപാകതയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ട്

ദേവസ്വം ബോർഡുകളിലെ അഴിമതികളെക്കുറിച്ച് അന്വേഷിക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിയമിച്ച ജസ്റ്റീസ് കെ.എസ്. പരിപൂർണ്ണൻ അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി ദേവസ്വങ്ങളിൽ നിലനിന്നിരുന്ന അഴിമതിയും, സ്വജനപക്ഷപാതവും കണ്ടെത്തുകയും, ഇതിന് പരിഹാരമായി ഉന്നത നിലവാരമുള്ള ഒരു പ്രത്യേക ബോർഡിന് ദേവസ്വങ്ങളുടെ നിയമനം കൈമാറണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ അഞ്ചു ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ നേരിട്ടുള്ള എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾക്കുവേണ്ടി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. ഇതനുസരിച്ചുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് 2014 ലിലും 2015 ലും നിലവിൽ വന്നു.

16.3.2015-ൽ ചെയർമാനും, നാല് മെമ്പർമാരും സ്ഥാനം ഏൽക്കുകയും 2.5.2016-ൽ സർക്കാർ അഡിഷണൽ സെക്രട്ടറി ബോർഡ് സെക്രട്ടറിയായി ചുമതല ഏൽക്കുകയും ചെയ്തു.പിന്നീട് ഒരു വനിത മെമ്പറെ കൂടി ഉൾപ്പെടുത്തി ബോർഡ് പുന:സംഘടിപ്പിക്കുകയും ചെയ്തു.. ബോർഡ് നിലവിൽ വരുമ്പോൾ നിയമന പ്രക്രിയ ആരംഭിക്കുന്നതിനുവേണ്ട നിയമങ്ങളോ, ചട്ടങ്ങളോ ഭൗതിക സാഹചര്യങ്ങളോ ഒന്നുമില്ലായിരുന്നു. ഇതുണ്ടാക്കുന്നതിനുള്ള ശ്രമകരമായ ദൗത്യമാണ് ആദ്യം ബോർഡ് ഏറ്റെടുത്തത്.

ആക്ടും , റൂളും പ്രകാരം ബോർഡിലെ ഉദ്യോഗസ്ഥരെ തുടക്കത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കേണ്ടതാണ് .അതുപ്രകാരം ചില ഒഴിവുകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട് .പരീക്ഷ കൺട്രോളർ ,അസി.സെക്രട്ടറി (പരീക്ഷ വിഭാഗം) ,മാനേജർ എന്നീ തസ്തികളിൽ അന്യത്ര സേവനത്തിൽ ജീവനക്കാരെ ശുപാർശ ചെയ്യാൻ പി.എസ്.സി തയ്യാറാകാത്തതിനാൽ പി.എസ്.സി-യിൽ നിന്നുതന്നെ വിരമിച്ച രണ്ടുപേരെ സർക്കാർ അനുമതിയോടെ യഥാക്രമം പരീക്ഷാ കൺട്രോളറായും ,അസി . സെക്രട്ടറി (പരീക്ഷ വിഭാഗം) ആയും കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് .ഇതിനിടെ ബോർഡ് താൽകാലികമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഒരു കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു .റിക്രൂട്ട്മെന്റ് ബോർഡിന്റെ പുതിയ ആഫീസ് സജ്ജമാക്കുന്നതിനായി എൽ.എം.എസ്-ലുള്ള സി.എസ്.ഐ .കെട്ടിടത്തിന്റെ മൂന്നാം നിലയിൽ (5000 Sq.Ft.) സ്ഥലം വാടകക്ക് എടുത്തിട്ടുണ്ട്.

<u>ബോർഡിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു</u>

.1<u>ബോർഡിന്റെ പ്രവർത്തനത്തിനും പരീക്ഷാ നടത്തിപ്പിനും വേണ്ടിയുള്ള നിയമങ്ങളും , ചട്ടങ്ങളും പൂർത്തീകരിച്ചു</u>.

ഈ നിയമങ്ങൾക്കും ,ചട്ടങ്ങൾക്കും സർക്കാരിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട് . ഇതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.

8. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റൂൾസ് 2015

9. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) റൂൾസ് - 2016
10. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റഗുലേഷൻ - 2016
11. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസ് മാനുവൽ
12. ഇന്റർവ്യൂ അടക്കമുള്ള രഹസ്യ സ്വഭാവമുള്ള ജോലിയെ സംബന്ധിച്ച കൈപുസ്തകം.
13. ദേവസ്വം ബോർഡുകളിലെ ഡി.പി.സി. കൂടുന്നതു സംബന്ധിച്ച മാർഗ്ഗരേഖകൾ
14. ദേവസ്വം ജീവനക്കാരുടെ വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സൂക്ഷിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ.

12. <u>ഫാറങ്ങളുടേയും, രജിസ്റ്ററുകളുടേയും അച്ചടി പൂർത്തിയാക്കി</u>

ബോർഡിന്റെ ഓഫീസ് മാനുവലിലും, റെഗുലേഷനിലും സൂചിപ്പിച്ചിട്ടുള്ള എല്ലാത്തരം ഫോറങ്ങളുടേയും, കത്തുകളുടേയും, രജിസ്റ്ററുകളുടേയും അച്ചടി പൂർത്തിയാക്കി ശേഖരിച്ചു സൂക്ഷിച്ചു.

13. <u>ചോദ്യകർത്താക്കളുടെ പാനൽ തയ്യാറാക്കൽ - പൂർത്തിയാക്കി</u>

സർക്കാർ വകുപ്പുകളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും ലഭിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ എല്ലാ വിഷയങ്ങളിലുമുള്ള ചോദ്യകർത്താക്കളുടേയും, വിദഗ്ധരുടേയും പാനൽ തയ്യാറാക്കിയിട്ടുണ്ട്.

14. <u>ചോദ്യപേപ്പർ അച്ചടിക്കുന്നതിനുള്ള പ്രിന്ററെ കണ്ടെത്തൽ നടപടി പൂർത്തിയാക്കി.</u>

പരീക്ഷയ്ക്കുള്ള ഒ.എം.ആർ. ഷീറ്റുകൾ അടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി.

15. <u>പരീക്ഷാ കേന്ദ്രങ്ങളുടെ കണ്ടെത്തൽ - പൂർത്തിയാക്കി</u>

സർക്കാർ കോളേജുകളും, സ്കൂളുകളും അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബോർഡിന്റെ പരീക്ഷകൾക്ക് വിട്ടു നൽകുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലുമായി 3000-ൽപ്പരം പരീക്ഷാ കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കി.

16. <u>ബോർഡിനുള്ള സ്ഥിരം ഓഫീസ് കെട്ടിടം</u>

ബോർഡിന് സ്ഥിരമായി ഒരു ഓഫീസ് കെട്ടിടത്തിനായി സർക്കാർ അനുമതിയോടെ 1.1.2016 മുതൽ എൽ.എം.എസ്. ജംഗ്ഷനിലുള്ള സി.എസ്.ഐ. കെട്ടിടത്തിന്റെ മൂന്നാം നില വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതിന്റെ വിഭജിക്കലും, തറയിടിലും നെറ്റ് വർക്കിംഗും അടക്കമുള്ള ജോലികൾ സർക്കാരിൽ നിന്നുള്ള ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് ഹാബിറ്റാറ്റിനെ ഏൽപ്പിച്ചിരുന്നു. ബാക്കിയുള്ള പ്രവർത്തികൾക്കുള്ള സർക്കാരിന്റെ ഭരണാനുമതിയും ഓഫീസ് ഫർണിച്ചറും, മറ്റുപകരണങ്ങളും വാങ്ങുന്നതിനുള്ള അനുമതിയും സർക്കാരിൽ നിന്നും തേടിയിരുന്നു.

17. **ഔദ്യോഗിക വെബ്ബ്സൈറ്റ് സജ്ജമാക്കി**

റിക്രൂട്ട്മെന്റ് ബോർഡ് താൽകാലികമായി ഒരു വെബ്ബ്സൈറ്റും, അപേക്ഷ അയയ്ക്കുന്നവരിൽ നിന്നും ഫീസ് ഈടാക്കുന്നതായി വെബ്ബ്സൈറ്റിൽ ക്രമീകരണവും നടത്തിയിരുന്നു [www.kdrb.in]. ഇപ്പോൾ ഔദ്യോഗിക വെബ്ബ്സൈറ്റ്

[www.kdrb.kerala.gov.in] സജ്ജമാക്കിയിട്ടുണ്ട്. ഇതിനുള്ള തുക C-DIT-ന് നൽകിയിട്ടുമുണ്ട്.

18. **ബോർഡ് ഓഫീസ് ഓട്ടോമേഷനും, പരീക്ഷാ ജോലികളുടെ കമ്പ്യൂട്ടർവൽക്കരണവും - ശേഷിക്കുന്നു.**

പരീക്ഷാ ജോലികളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി കേരള സ്റ്റേറ്റ് ഐടി മിഷന്റെ ഉപദേശപ്രകാരം സ്റ്റേറ്റ് ഇ ഗവേണൻസ് മിഷന്റെ സേവനം സൗജന്യമായി സ്വീകരിച്ചു. ഇക്കാര്യത്തിൽ കെൽട്രോൺ, സി-ഡാക്ക്, സി-ഡിറ്റ് തുടങ്ങിയ റ്റി.എസ്.പിമാരിൽ നിന്നും ആവശ്യമായ പ്രൊപ്പോസലുകൾ സ്വീകരിച്ചു. നിയതമായ പരിശോധനകൾക്കും, സാങ്കേതിക നിർണ്ണയങ്ങൾക്കും ശേഷം സി-ഡാക്കിന്റെ പ്രൊപ്പോസൽ ആണ് ഏറ്റവും മാതൃകാപരവും, സ്വീകാര്യവുമെന്ന് SeMTശിപാർശ ചെയ്തു. സി-ഡാക്കുമായി ചർച്ചകൾക്കുശേഷം ഈ വിഷയം അന്തിമ തീരുമാനത്തിനും, അംഗീകാരത്തിനുമായി സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്.

19. **ദേവസ്വം ബോർഡുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ഭാഗികമായി പൂർത്തിയാക്കി.**

നിലവിലുള്ള ഒഴിവുകൾ ബോർഡിനെ എഴുതി അറിയിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള സർക്കുലറുകളും, അർത്ഥനാപത്രവും എല്ലാ ബോർഡുകൾക്കും നൽകി. ദേവസ്വം ബോർഡുകളുമായി നിരന്തരമായ ചർച്ചകൾക്കും, കത്തിടപാടുകൾക്കും ശേഷം ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി ഒഴികെയുള്ള ദേവസ്വം ബോർഡുകൾ വിവിധ ഒഴിവുകൾ എഴുതി അറിയിച്ചിട്ടുണ്ട്.

20. **വിവിധ തസ്തികകളുടെ യോഗ്യതയും, പ്രായോഗിക പരിചയവും ഏകീകരിക്കുന്നതിനുള്ള നടപടികൾ - പുരോഗമിച്ചു വരികയായിരുന്നു.**

ക്ഷേത്ര ജീവനക്കാരുടെ സേവന വ്യവസ്ഥകളും, യോഗ്യതകളും സംബന്ധിച്ച് നിയതവും, കൃത്യവുമായ ചട്ടങ്ങൾ നിലവിലില്ല. കൊച്ചിൻ ദേവസ്വം ബോർഡുമായി നിരന്തരം നടത്തിയ ചർച്ചകളുടേയും, കത്തിടപാടുകളുടേയും അടിസ്ഥാനത്തിൽ എല്ലാ ക്ഷേത്ര തസ്തികകളുടേയും, യോഗ്യതയും പ്രായോഗിക പരിജ്ഞാനവും നിശ്ചയിച്ചു നൽകി. ഇത് കൊച്ചിൻ ദേവസ്വം ബോർഡിന്റെ അന്തിമ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. മറ്റു ദേവസ്വം ബോർഡുമായും ഇക്കാര്യത്തിൽ ചർച്ച നടന്നു വരികയായിരുന്നു.

21. നിയമന പ്രക്രിയ

**പരിമിതമായ ഓഫീസ് സാഹചര്യങ്ങളിൽ ലക്ഷക്കണക്കിന് അപേക്ഷകൾ ലഭിക്കുവാൻ സാദ്ധ്യതയുള്ള തസ്തികകളിലേയ്ക്ക് വിജ്ഞാപനം നടത്തുവാൻ സാധിക്കുകയില്ലായിരുന്നു. ആയതിനാൽ ചെറിയ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികളാണ് ആരംഭിച്ചത്.** തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്കുള്ള പാർട്ട്ടൈം ശാന്തി, രണ്ടാം ആനശേവുകം എന്നി തസ്തികകൾക്കുമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. ഓരോ തസ്തികയുടേയും ഇപ്പോഴത്തെ അവസ്ഥ താഴെപ്പറയും പ്രകാരമാണ്.

<u>പാർട്ട്ടൈം ശാന്തി</u> - 23.03.2016-ലെ വിജ്ഞാപനപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട്ടൈം ശാന്തി, രണ്ടാം ആനശേവുകം എന്നി തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. 62 ഒഴിവുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ച ഈ തസ്തികകളുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 21.04.2016

ആയിരുന്നുവെങ്കിലും, അംഗീകൃത തന്ത്രിമാരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാലതാമസ്സം വന്നതിനെ തുടർന്ന് ഇതിന്റെ അവസാന തീയതി 21.05.2016 ലേക്കു മാറ്റി. ആകെ 957 അപേക്ഷകൾ ലഭിച്ചതിൽ സ്വീകാര്യമായ 838 പേർക്കു വേണ്ടി 25.06.2016 രാവിലെ 10.30 മുതൽ 12.15 വരെ തിരുവനന്തപുരം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, കോട്ടൺഹില്ലിൽ വച്ച് ഒരു ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷ നടത്തുവാൻ തീരുമാനിച്ചിരിക്കുകയായിരുന്നു. പരീക്ഷ സംബന്ധിച്ച വിജ്ഞാപനവും, സിലബസ്സും എല്ലാ പത്രമാദ്ധ്യമങ്ങളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. അഡ്മിഷൻ ടിക്കറ്റ് ഇതിനുള്ള ചോദ്യപേപ്പർ ഇവ തയ്യാറാക്കുന്നതിനും അച്ചടിക്കുന്നതിനുമുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കി. 25.06.2016-ൽ പരീക്ഷ നടത്തിയാൽ ജൂലൈ മാസം അവസാനത്തോടുകൂടി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള ഒരു സമയക്രമീകരണവും നടത്തിയിരുന്നു. ഉദ്യോഗാർത്ഥികളിൽ നിന്നും 100 രൂപ അപേക്ഷാ ഫീസായി സ്വീകരിച്ചിട്ടുമുണ്ട്. ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണവും, നിയമന ശിപാർശയും ജൂലൈ - ആഗസ്റ്റ് മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയിലായിരുന്നു നടപടികൾ പുരോഗമിച്ചിരുന്നത്.

<u>രണ്ടാം ആനശേവുകം</u> - തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഗ്രേഡ്-II ആനശേവുകം ( രണ്ടാം ഗ്രേഡ് ആനപാപ്പാൻ) തസ്തികയിലേയ്ക്ക് 76 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 14 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ പ്രവൃത്തി പരിചയം അവകാശപ്പെടുന്നതുൾപ്പെടെ സ്വീകാര്യമായ അപേക്ഷ സമർപ്പിച്ച 38 ഉദ്യോഗാർത്ഥികൾക്ക് ഒരു പ്രായോഗിക പരീക്ഷ നടത്തുവാനും തീരുമാനിച്ചിരുന്നു. ജൂൺമാസം രണ്ടാം വാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആസ്ഥാനത്ത് വച്ച് ഒരു പ്രായോഗിക പരീക്ഷ നടത്തുവാനാണ് തീരുമാനിച്ചിരുന്നത്. ഇതിലേക്കാവശ്യമായ ആനയും, വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരുന്നു. ഇതിന്റെ പ്രായോഗിക പരീക്ഷയിൽ യോഗ്യരാകുന്ന ഉദ്യോഗാർത്ഥികൾക്ക് ജൂലൈ മാസം അഭിമുഖം നടത്തി റാങ്കു ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകാൻ സാധിക്കുമെന്നുമാണ് പ്രതീക്ഷിച്ചിരുന്നത്.കൂടാതെ, കൊച്ചി, മലബാർ ദേവസ്വങ്ങളിലെ ധാരാളം തസ്തികകൾ എഴുതി അറിയിച്ചിട്ടുണ്ട്. ഇവ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിരുന്നു.

സെക്ഷൻ ഓഫീസർ